


# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 2 • ISSUE : 12 DECEMBER 2008


## എഡിറ്റോറിയൽ

### ഇന്നത്തെ ക്രിസ്തുമസ്സ്

അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിപ്പാനിരിക്കകൊണ്ട് നീ അവന് യേശു എന്നു പേർ ഇടേണം (മത്താ 1:21) നിത്യനായ ദൈവപുത്രൻ പാപത്തിൽനിന്ന് മനുഷ്യലോകത്തെ രക്ഷിപ്പാനും, മരണത്തിന്റെ ശക്തിയെ തകർക്കാനുമായി ലോകത്തിലേക്കു വന്നു എന്നുള്ള സത്യമാണ് ക്രിസ്തുമതത്തിന്റെ അന്തസത്ത. ആഘോഷങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കയും ജീവിതമൂല്യങ്ങൾ മറന്നുപോകയും ചെയ്യുന്ന ഒരു സമൂഹമാകരുത് നമ്മുടേത്. നാം എന്തുചെയ്താലും ക്രിസ്തീയതയുടെ ഒരു പരിധിയെ നാം തന്നെ നമ്മുടെ മനസ്സിൽ കരുതിവയ്ക്കണം. പരിധിയില്ലാത്ത ആഘോഷങ്ങൾ ക്രിസ്തുവില്ലാത്ത ക്രിസ്തുമസ്സായി ഭവിച്ചേക്കാം.

ഇന്ന് സമൂഹത്തിൽ മദ്യശാലകൾ മുതൽ എല്ലാത്തരം ഹോട്ടലുകൾ വരെയും ക്രിസ്തുമസ് ആഘോഷത്തിൽ പങ്കുചേരാറുണ്ട്. ഇതു പക്ഷേ ക്രിസ്തു ജനിച്ചതിലുള്ള സന്തോഷമല്ല. ആളുകളെ സന്തോഷിപ്പിച്ച് അവരുടെ കയ്യിലുള്ള പണം തങ്ങളുടെ കൈകളിൽ എത്തിക്കുവാനുള്ള ഉപാധിയാണ്. ദൈവത്തിന് അവിടെ പ്രത്യേക സ്ഥാനമൊന്നുമില്ല.

ആദ്യത്തെ ക്രിസ്തുമസ്സ് സന്ദേശങ്ങൾ ലഭിച്ചത് ആർക്കൊക്കെയെന്നു നോക്കാം. ആട്ടിടയന്മാർക്കും, വിദ്വാൻമാർക്കുമായിരുന്നു ആദ്യം യേശുവിന്റെ ജനനവിവരം കിട്ടിയത്. പിന്നീട് ശിമോനെയും ഹന്നായെയും അവരുടെ ആന്തര പ്രചോദനത്തിലൂടെ ദൈവം ക്രിസ്തുവിന്റെ ജനനം കാട്ടിക്കൊടുത്തു. ആട്ടിടയന്മാരോടു ദൈവം നേരിട്ടു സംസാരിക്കുകയായിരുന്നു. ലോകരക്ഷിതാവിനെ കാണുവാൻ ആട്ടിടയന്മാർ ബേദ്ലഹേമിലേക്കു യാത്രതിരിച്ചത് അങ്ങനെയാണ്. ലോകജ്ഞാനം കുറവായിരുന്ന അവർക്ക് അവരുടേതായ ഭാഷയിൽ ദൈവം യേശുവിന്റെ ജനനം കാട്ടിക്കൊടുത്തു. വിദ്വാന്മാർ നക്ഷത്രഗണത്തെക്കുറിച്ച് അറിവുള്ളവരായിരുന്നതിനാലാണ് അവർക്ക് പുതിയ നക്ഷത്രത്തിൽക്കൂടി വിവരം നൽകിയത്. ശീമോനും, ഹന്നയും പ്രാർത്ഥനയിൽ മുഴുകി ഇരിക്കുന്നവരാകയാൽ അവർക്കു പ്രാർത്ഥനാസമയത്തുണ്ടായ ആന്തരിക പ്രചോദനം മൂലമാണ് യേശുവിന്റെ ജനനം മനസ്സിലായത്. ദൈവം ഓരോരുത്തരോടും അവരവരുടെ ഭാഷകളിൽ സംസാരിക്കുന്നു.

ആദ്യത്തെ ക്രിസ്തുമസ്സ് സന്ദേശം നൽകുവാൻ ദൈവം തിരഞ്ഞെടുത്തവർ അവരവരുടെ ജോലി ആത്മാർത്ഥതയോടെ ചെയ്തിരുന്നവരാണ്. ആടുകളെ മേയ്ക്കലായിരുന്നാലും, വാനനിരീക്ഷണമായിരുന്നാലും, ദൈവാലയത്തിലെ പ്രാർത്ഥനയായാലും അവരവരെ ഏൽപ്പിച്ചിരിക്കുന്ന ജോലി തൻമയത്വത്തോടെയും, ആത്മാർത്ഥതയോടെയും ചെയ്യാനാണ് ദൈവം ഉദ്ദേശിച്ചിരിക്കുന്നത്. അങ്ങനെയുള്ളവർക്കേ ക്രിസ്തുമസ് സന്ദേശം ഉൾക്കൊള്ളാനും, അതനുസരിച്ച് ജീവിതം ക്രമീകരിക്കുവാനും സാധിക്കുകയുള്ളൂ.

കൊച്ചുകുട്ടി അമ്മയോടു ചോദിച്ച ചോദ്യം ഇവിടെ പ്രസക്തമാണ്. അമ്മേ നമ്മളെ എന്തിനാണ് ദൈവം സൃഷ്ടിച്ചിരിക്കുന്നത്. അമ്മയുടെ മറുപടി. അതു മറ്റുള്ളവരെ കരുതുവാനാണ്.

യഥാർത്ഥ വിശ്വാസിക്ക് പ്രാർത്ഥനയും പ്രവർത്തിയും ഒരുപോലെ കൊണ്ടുപോകാൻ കഴിയണം. രണ്ടും പരസ്പര പൂരകങ്ങളാണ്. വിശപ്പുള്ളവനോട് വിശപ്പുമാറ്റാതെ ദൈവവചനം പ്രസംഗിച്ചതുകൊണ്ട് കാര്യമില്ല. പ്രവർത്തിച്ചു തേഞ്ഞുപോകലാണ് വെറുതെയിരുന്നു തുരുമ്പു പിടിക്കുന്നതിലും നല്ലതെന്നു പറയാറുണ്ട്. കണക്കുകൂട്ടാതെ നൽകാൻ പ്രേരിപ്പിക്കുന്നതും, വേദനകാണുമ്പോൾ ആശ്വാസം നൽകാൻ ഉദ്യമിപ്പിക്കുന്നതുമാണ് യഥാർത്ഥ ക്രിസ്തുമസ്. ■

## "കർത്താവേ എനിക്കാരുമില്ല"

**ഫാ. പി. എ. ഫിലിപ്പ്**

യേരുശലേമിൽ ആട്ടുവാതിൽക്കലുള്ള ബേഥെസ്ദാ എന്ന കുളക്കരയിൽ നടന്ന നാടകീയമായ ഒരു സംഭവമാണ് ഈ വാക്യത്തിന് ആധാരം. മുപ്പത്തിയെട്ടു സംവത്സരം രോഗബാധിതനായി സ്തംഭിതനായി കിടന്ന ഒരുവൻ കുളക്കരയിൽ നില്ക്കുന്ന യേശുവിനോട് പറയുന്നതാണിത്. ഒരു ദൂതൻ കുളത്തിൽ ഇറങ്ങി കുളം കലക്കുമെന്നും കലങ്ങിയശേഷം ആദ്യം ഇറങ്ങുന്നവൻ ഏതു ദുർവ്യാധി പിടിച്ചവനായിരുന്നാലും സൗഖ്യമാകുമെന്നും ജനങ്ങൾ വിശ്വസിച്ചിരുന്നു. മുപ്പത്തെട്ടുവർഷം സ്തംഭിച്ചുകിടന്ന ഒരുവനും ശയ്യാവലംബിയായി ആ കുളക്കരയിൽ സൗഖ്യപ്രദീക്ഷയോടെ കഴിഞ്ഞിരുന്നു. കുളം കലങ്ങുമ്പോൾ ആദ്യമായി അവനെ കുളത്തിലേക്ക് ഇറക്കുവാൻ ആരും ഇല്ല എന്നതാണ് അവന്റെ പ്രശ്നം. അവന്റെ സങ്കടം അറിയുവാനോ, അവനെ ചുമന്ന് കുളത്തിൽ ഇറക്കുവാനോ അവന് ആരും ഇല്ല. നോക്കാനും, കാണാനും, സങ്കടം അറിയാനും ശുശ്രൂഷിക്കാനും ആരും ഇല്ലാത്ത ഊഷരമായ അവസ്ഥ ഇന്നിന്റെ ഒരു സാമൂഹ്യപ്രശ്നമാണ്.

കുട്ടികൾക്ക് നല്ല വിദ്യാഭ്യാസവും മറ്റു സൗകര്യങ്ങളും ഒക്കെ നല്കി അവരെ വലിയവരാക്കി സംതൃപ്തി അടഞ്ഞ പല മാതാപിതാക്കളും ഇന്ന് വേദനയുടെ തുരുത്തിലാണ്. പരിത്യക്തരായി – ആരുമില്ലാതെ കഴിയുന്ന അനേകം വൃദ്ധമാതാപിതാക്കൾ നമുക്കുചുറ്റും ഉണ്ട്. കർത്താവേ എനിക്ക് ആരുമില്ല എന്ന ആത്മരോദനവുമായി നിരാശയുടെ നാളുകൾ നീക്കുന്നവർ ഒന്നു രണ്ടു കാര്യങ്ങൾ ശ്രദ്ധിക്കുന്നത് നന്നായിരിക്കും.

1) റിട്ടയർമെന്റ് ജീവിതം നയിക്കുന്നവർ വിശ്രമത്തിനുള്ള സമയമായി ഈ കാലഘട്ടത്തെ കാണരുത്. മരണംവരെ കർമ്മോത്സുകരായിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. വീടിന്റെ (ഫ്ളാറ്റിന്റെ) നാലതിരുകൾക്ക് ഉള്ളിൽ മാത്രം ഒതുങ്ങിക്കൂടുന്ന ഒരു ജീവിത ശൈലി മാറ്റിയെഴുതണം. ഇതുപോലെ ഏകാന്തതയുടെ തുരുത്തുകളിൽ ജീവിക്കുന്ന അനേകർ ഉണ്ടാകും. അവരിലേക്ക് പാലങ്ങൾ പണിയുവാൻ ശ്രമിക്കണം. നമ്മെപ്പോലെ തന്നെ ഏകാന്തതയും നിരാശയും അനുഭവിക്കുന്നവർ – പരിത്യക്തരായവർ – അനേകർ ഉണ്ടെന്ന തിരിച്ചറിവു തന്നെ നമ്മെ ബലപ്പെടുത്തും. കൂടാതെ ആരോഗ്യമനുവദിക്കുന്നതനുസരിച്ച് അങ്ങനെയുള്ളവരെ സന്ദർശിക്കുവാനും അവരോട് കുശലാന്വേഷണം നടത്തുവാനും, കഴിയുമെങ്കിൽ സഹായിക്കുവാനും ശ്രമിക്കുമ്പോൾ നാം തുരുത്തുകളിലേക്ക് പാലം നിർമ്മിക്കുന്നവരാകും. വിഷണ്ണ മനസ്സുകളിൽ ആശ്വാസത്തിന്റെ – സാന്ത്വനത്തിന്റെ വാക്കുകൾ എത്തിക്കുവാൻ സാധിച്ചാൽ നാം പാലം നിർമ്മിക്കുന്നവരാകുകയാണ്. ഇന്ന് ഫോണും, മൊബൈലും, ഇന്റർനെറ്റുമൊക്കെ സുലഭമായിരിക്കുന്ന കാലമാണ്. ഗതാഗതസൗകര്യങ്ങളും ഏറെയുണ്ട്. കർത്താവേ, എനിക്കാരുമില്ല എന്ന് പിറുപിറുക്കുന്നതിലും എത്രയോ നല്ലതാണ് നിനക്ക് ഞാനുണ്ട് എന്നു പറയുന്നത്!



## വികാരിയുടെ കത്ത്

# കയീന്റെ വഴി

ദൈവനാമത്തിനു മഹത്വം. ക്രിസ്തുയേശുവിൽ എന്റെ മാന്യ സ്നേഹിതരേ, ക്രിസ്തുയേശുവിന്റെ ധന്യനാമത്തിൽ സ്നേഹവന്ദനം. ഇന്നു നമുക്ക് യൂദായുടെ ലേഖനം 11-ാം വാക്യം ചിന്തിക്കാം. ഇവിടെ കയീന്റെ വഴി ബിലയാവിന്റെ വഞ്ചന, കോരഹിന്റെ മത്സരം എന്ന കാര്യത്തെക്കുറിച്ച് ലേഖന കർത്താവായ യൂദ സൂചിപ്പിക്കുന്നു. ഇവർ നിങ്ങളുടെ സ്നേഹ സദ്യകളിൽ മറഞ്ഞുകിടക്കുന്ന പാറകൾ. ഇവയെ നാം നിശ്ചയമായും പുറത്തുകൊണ്ടുവരണം.

നമുക്ക് ആദ്യമായി കയീന്റെ വഴിയെക്കുറിച്ചു ചിന്തിക്കാം എന്താണ് കയീന്റെ വഴി. വിശുദ്ധ തിരുവെഴുത്തുകൾ പരിശോധിക്കുമ്പോൾ ആദിമാതാപിതാക്കളായ ആദം ഹവ്വമാരുടെ മക്കളായ കയീനെക്കുറിച്ചും ഹാബേലിനെക്കുറിച്ചും നമുക്ക് ഉൽപത്തി പുസ്തകത്തിൽ കാണാം. ഇവിടെ കയീൻ കൃഷിക്കാരനും ഹാബേൽ ആട്ടിടയനുമായിരുന്നു (ഉൽ 4:2). കുറച്ചുനാൾ കഴിഞ്ഞിട്ട് കയീൻ നിലത്തിലെ അനുഭവത്തിൽ നിന്നും യഹോവയ്ക്ക് ഒരു വഴിപാടു കൊണ്ടുവന്നു. ഹാബേലും ആട്ടിൻകൂട്ടത്തിലെ കടിഞ്ഞൂലിൽ നിന്നും ഒരു വഴിപാട് കൊണ്ടുവന്നു. യഹോവ ഹാബേലിലും, അവന്റെ വഴിപാടിലും പ്രസാദിച്ചു. കയീനിലും അവന്റെ വഴിപാടിലും പ്രസാദിച്ചില്ല. കയീന്റെ മുഖം വാടി. അവൻ കോപിച്ചു എന്നു കാണുന്നു. എന്തുകൊണ്ടാണ് കയീന്റെ വഴിപാടിൽ ദൈവം പ്രസാദിക്കാതിരുന്നത് എന്നാണ് നാം ചിന്തിക്കുന്നത്. എന്തുകൊണ്ട് ഹബേലിന്റെ വഴിപാടിൽ പ്രസാദിച്ചു. രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല എന്ന് തിരുവചനം നമ്മെ ഓർമ്മിപ്പിക്കുന്നു. ഹാബേലിന്റെ വഴിപാടിൽ എവിടെമുറിച്ചാലും രക്തം കാണാം. ആദം ഹവ്വമാർ പാപം ചെയ്ത് ദൈവതേജസ് നഷ്ടപ്പെട്ടു. എന്നാൽ ലോകത്തില ഒന്നാമത്തെ തുന്നൽക്കാരിയായ ഹവ്വ അത്തിയില കൂട്ടിത്തുന്നി തങ്ങൾക്ക് അരയാടയുണ്ടാക്കി (ഉൽ 3:7) വെയിൽ വന്നപ്പോൾ അത് ഉണങ്ങിച്ചുരുണ്ടു. എന്നാൽ യഹോവയായ ദൈവം അവർക്ക് തോലുകൊണ്ട് ഉടുപ്പുണ്ടാക്കി അവരെ ധരിപ്പിച്ചു. ഇവിടെ ഒരു കുഞ്ഞാട് അറുക്കപ്പെട്ടു. പ്രിയരേ, അതുകൊണ്ട് ലോകസ്ഥാപനത്തിനുമുമ്പ് നമുക്കുവേണ്ടി ഒരു കുഞ്ഞാട് അറുക്കപ്പെട്ടു. ആദമിനുവേണ്ടി ഒരു മൃഗം കൊല്ലപ്പെട്ടു. നമ്മുടെ പെസഹാ കുഞ്ഞാടും അറുക്കപ്പെട്ടു. ക്രിസ്തു തന്നെ എന്നതിനാൽ ഹാബേൽ കുഞ്ഞാടിനെ വഴിപാടു കൊടുത്തതിനാലാണ് ദൈവം പ്രസാദിച്ചത് എന്ന് ചിന്തിക്കാം. എന്നാൽ തിരുവചനം അല്പം കൂടി ശ്രദ്ധയോടെ വായിച്ചാൽ മറ്റൊരുകാര്യം കൂടെ നമുക്ക് ബോധ്യമാകും. കയീൻ കൊണ്ടുവന്ന വഴിപാട് മോശമായതിനാലോ കുറവുള്ളതിനാലോ അല്ല ദൈവം പ്രസാദിക്കാതിരുന്നത്. തന്റെ കൃഷിഫലത്തിൽ നിന്നും ഏറ്റവും നല്ലതും മേൽത്തരമായതും തന്നെയാണ് ദൈവത്തിന് കയീൻ വഴിപാട് കൊണ്ടുവന്നത്. എന്നിട്ടും എന്തുകൊണ്ട് ദൈവം അവന്റെ വഴിപാടിൽ പ്രസാദിച്ചില്ല. മറ്റൊന്നുമല്ല. സദൃശവാക്യങ്ങൾ 15-ാം അദ്ധ്യായം 8-ാം വാക്യത്തിൽ ദുഷ്ടന്മാരുടെ യാഗം യഹോവയ്ക്ക് വെറുപ്പ് എന്നു കാണുന്നു. ആകയാൽ കയീന്റെ ഹൃദയം ദുഷ്ടതയാൽ നിറഞ്ഞതുകൊണ്ട് അവന്റെ വഴിപാട് ദൈവത്തിന് സ്വീകരിക്കാൻ കഴിയില്ല. കാരണം ഉൽപ്പത്തി 4 ന്റെ 4, 5 വാക്യങ്ങളിൽ ഹാബേലിലും, അവന്റെ വഴിപാടിലും ദൈവം പ്രസാദിച്ചു. കയീനിലും അവന്റെ വഴിപാടിലും പ്രസാദിച്ചില്ല. വഴിപാടല്ല പ്രശ്നം അതുകൊണ്ടുവന്നവനിലാണ്. ഹൃദയത്തിൽ പാപമുള്ളവന്റെ ആരാധന ദൈവം സ്വീകരിക്കുകയില്ല. പുതിയനിയമത്തിൽ ഇങ്ങനെ കാണുന്നു. നീ യാഗം കഴിപ്പാൻ യാഗവസ്തുവുമായി യാഗപീഠത്തിനടുക്കൽ വരുമ്പോൾ നിന്റെ സഹോദരന് നിന്നോട് വല്ലതും ഉണ്ട് എന്ന് നിനക്കു തോന്നിയാൽ നിന്റെ യാഗവസ്തു യാഗപീഠത്തിൽ വെച്ചിട്ട് ഒന്നാമത് നിന്റെ സഹോദരനോട് നിരന്നുകൊൾക. പിന്നീട് വന്ന് യാഗം കഴിക്ക. അപ്പോൾ നിന്റെ യാഗത്തിൽ ദൈവം പ്രസാദിക്കും. പ്രിയരേ, നമുക്ക് ഏറ്റവും ഇഷ്ടമുള്ള ഒരു ആഹാരസാധനം രുചികരമായി ഉണ്ടാക്കിയത് ഏറ്റവും നല്ലത്.എന്നാൽ അത് ഒരു കുഷ്ഠരോഗി തന്റെ പഴുത്തൊലിക്കുന്ന കൈകളിൽ അത് നമുക്കു തന്നാൽ നാം സ്വീകരിക്കുമോ? ആഹാരം വളരെ നല്ലതും രുചികരവുമാണ്. എന്നാൽ തരുന്ന വ്യക്തി ശുദ്ധിയില്ലാത്തവനായാൽ നാം ഭക്ഷിക്കാതിരിക്കുന്നതുപോലെ. ദുഷ്ടഹൃദയമുള്ള, ഹൃദയത്തിൽ പക, പിണക്കം, ക്രോധം, (ഗല 5:19), വെറുപ്പ് ഇങ്ങനെയുള്ള ഒരുവന്റെ ആരാധന സ്വീകരിപ്പാൻ ദൈവത്തിനു സാദ്ധ്യമല്ല. അതുകൊണ്ട് തിരുവചനം കയീനിലും, അവന്റെ വഴിപാടിലും പ്രസാദിച്ചില്ല. അതുകൊണ്ട് പരിശുദ്ധനായ ദൈവം ആരാധന സ്വീകരിക്കണമെങ്കിൽ നാം കർത്താവിന്റെ കൃപയിൽ ആശ്രയിച്ച് ദൈവവചനത്താലും, കുഞ്ഞാടിന്റെ രക്തത്താലും പരിശുദ്ധാത്മാവിനാലും ശുദ്ധീകരണം പ്രാപിച്ച് ദൈവത്തെ ആരാധിക്കേണ്ടതാണ്. അല്ലാതെ കയീന്റെ സ്വഭാവത്തിൽ പള്ളി ആരാധാനയിൽ സംബന്ധിക്കുന്നവരുടെ ആരാധന ദൈവം സ്വീകരിക്കുകയില്ല. എന്നാൽ 1-ാം നൂറ്റാണ്ടിലും ഇങ്ങനെയുള്ള ആളുകൾ സഭയിൽ നുഴഞ്ഞുകയറിയതിനാൽ യൂദാ തന്റെ ലേഖനത്തിൽ ഇങ്ങനെയുള്ളവരുടെ വഴിയിൽ നടക്കരുതെന്ന് സഭയെ ഉൽബോധിപ്പിച്ചിരുന്നു.

കയീന്റെ ആരാധനയിൽ ദൈവം പ്രസാദിക്കാതിരുന്നപ്പോൾ അവൻ കോപിച്ചു. യഹോവയായ ദൈവം കയീനോട് നീ കോപിക്കുന്നത് എന്ത് പാപം വാതിൽക്കൽ കിടക്കുന്നു. അതിന്റെ ആഗ്രഹം നിന്നോടാകുന്നു. നീ അതിനെ കീഴ്പ്പെടുത്തണം എന്ന് ഉൽ. 4-ാം അദ്ധ്യായത്തിൽ കാണാം. എന്നാൽ കയീൻ തന്റെ സഹോദരനെ വയലിലേക്ക് കൂട്ടിക്കൊണ്ടുപോയി അവിടെവച്ച് ഹാബേലിനെ കൊന്നു. ഇവിടെ കയീൻ കോപത്തിന് അടിമയായി ഹാബേലിനെ കൊന്നു. ഇങ്ങനെ സഹോദരനെതിരായി പ്രവർത്തിക്കുകയും അവന് കഷ്ടം വരുത്തുകയും ചെയ്യുന്നു. സ്വന്ത ഇഷ്ടത്തിൽ വേരൂന്നി ജീവിക്കുന്ന സ്വന്ത താൽപര്യമനുസരിച്ചുമാത്രം ജീവിച്ച് തന്റെ ഇഷ്ടത്തിനു വിപരീതമായി പ്രവർത്തിക്കുന്നവനെ ഇല്ലായ്മ ചെയ്ത് ജീവിക്കുന്ന ഒരുവന്റെ ആരാധന ദൈവത്തിനു സ്വീകാര്യമായിരിക്കുകയില്ല. ആകയാൽ കയീന്റെ വഴിയിൽ നിന്നു മാറി ക്രിസ്തുവിന്റെ സ്വഭാവത്തിലേക്ക് ഇടവകാംഗങ്ങൾ ആയിത്തീരേണം. ഞാൻ സൗമ്യതയും താഴ്മയുമുള്ളവനാകയാൽ എന്നോടു കേട്ട് എന്നോടു പഠിപ്പിൻ. എന്റെ നുകം മൃദുവും എന്റെ ചുമട് ലഘുവുമാകുന്നു. ആകയാൽ കയീന്റെ വഴിയും കയീന്റെ സ്വഭാവവും വിട്ട് ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സ്വഭാവത്തിലേക്ക് നാം കടന്നുവരേണം. യേശുവിനെ കുറിച്ച് തിരുവചനം സാക്ഷിക്കുന്നു. പൈതൽ വളർന്നു ജ്ഞാനം പ്രാപിച്ചു, ആത്മാവിൽ ബലപ്പെട്ടു. ദൈവകൃപയും അവനോടുകൂടെയുണ്ടായിരുന്നു. ആകയാൽ ഹാനോക്കിനെപോലെ അവൻ ദൈവത്തെ പ്രബോധിപ്പിച്ചു. ദൈവം അവനെ എടുത്തുകൊണ്ടതിനാൽ കാണാതായി എന്നു കാണുന്നു. ആകയാൽ ദൈവത്തെ പ്രസാദിപ്പിച്ചു ദൈവഹിതപ്രകാരം ജീവിച്ച് കർത്താവിന്റെ വരവിനായ് ഒരുങ്ങാം. അതിന് ദൈവമായ കർത്താവ് നമ്മേ സഹായിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

***നിങ്ങളുടെ ഇടമ്പാടത്തച്ചൻ***

*(ഒന്നാം പേജിൽ നിന്നും....)*

2) ഒഴിഞ്ഞ കപ്പുകൾ നിറയ്ക്കുക. സമൂഹത്തെ ചൂഴ്ന്നുനിൽക്കുന്ന ശൂന്യതാബോധത്തെ നാം നിർമ്മാർജ്ജനം ചെയ്തേ പറ്റൂ. നമ്മുടെ ശൂന്യവേളകൾ ടി.വി. കണ്ട് തീർക്കാതെ സർഗ്ഗാത്മകമായ കാര്യങ്ങൾക്കായി മാറ്റിവയ്ക്കണം. എഴുതാൻ കഴിയുന്നവർ എഴുതണം. വരയ്ക്കാൻ കഴിയുന്നവർ അതു ചെയ്യണം. പ്രാർത്ഥനായോഗങ്ങൾ, മിഷൻ പ്രവർത്തനങ്ങൾ തുടങ്ങി ആത്മീയ കാര്യങ്ങൾക്കായി നാം സമയവും, ധനവും ചെലവഴിക്കുവാൻ ശ്രമിച്ചാൽ ശൂന്യതാബോധത്തെ ഒരളവുവരെ മാറ്റിയെടുക്കാൻ നമുക്കു കഴിയും. ആത്മനിന്ദയും നിരാശയും ഒന്നിനും മറുമരുന്നല്ല. അകാലത്തിൽ ഭർത്താവിനെ നഷ്ടപ്പെട്ട ഒരു സ്ത്രീ സഭാകാര്യങ്ങൾക്കും ആത്മീയവേലയ്ക്കും വേണ്ടി പരിശ്രമിച്ചതും അതിലൂടെ സമയത്തെ കാര്യവിചാരബോധത്തോടെ ചെലവഴിച്ചതും എന്റെ ഓർമ്മയിൽ വരുന്നു. എപ്പോഴും പ്രസന്നവതിയായിരുന്ന ആ സ്ത്രീ എനിക്ക് ആരുമില്ല എന്ന ആശങ്കയോ ആകുലതയോ ആ സ്ത്രീയെ ഭരിച്ചതായി ഒരിക്കലും കണ്ടിട്ടില്ല. ഒഴിഞ്ഞ കപ്പുകളായി എന്നും കഴിഞ്ഞാൽ പരാതിയും പരിദേവനവും മാത്രമേ ബാക്കിയുണ്ടാവൂ. ഒഴിഞ്ഞ കപ്പുകൾ നിറയ്ക്കുവാൻ പരമാവധി ശ്രമിക്കണം. അപ്പോൾ ജീവിതം കർമ്മബദ്ധമാവും. അർത്ഥപുഷ്ടിയുള്ളതാകും.

3) മരിച്ചു ജീവിക്കാതെ ജീവിച്ചു മരിക്കുക. ദൈവം നമുക്ക് ഈ ലോകത്തിൽ ഒരു ജീവിതം തന്നിരിക്കുന്നു. ആ ജീവിതം ജീവിച്ചു തന്നെ തീർക്കണം. ജീവിത സായാഹ്നത്തിലെത്തിയ ചില ആളുകളെ നേരിട്ട് പരിചയപ്പെട്ടപ്പോൾ മനസ്സിലായത് അവർക്ക് സന്തോഷിക്കാൻ അനേകം കാര്യങ്ങൾ ഉണ്ട് എന്നാണ്. കർത്താവേ! എനിക്ക് ആരുമില്ല എന്ന പരാതിയിൽ മുങ്ങിനിൽക്കുന്നത് ഇല്ല എന്ന നിഷേധാത്മക ഭാവമാണ്. ഉണ്ട് എന്നു പറയുകയും സങ്കൽപ്പിക്കുകയും ചെയ്യുന്ന ഒരു ഗുണാത്മകഭാവമാണ് നമ്മിൽ ഉണ്ടാവേണ്ടത്. ഏകാന്തതയുടെ നടുവിലും, പ്രശ്നങ്ങളുടെ മധ്യത്തിലും എല്ലാം എനിക്കുവേണ്ടി പ്രാർത്ഥിക്കുന്നവർ ഉണ്ട് എന്നു ചിന്തിക്കൂ. നമ്മെ കരുതുകയും സ്നേഹിക്കുകയും ചെയ്യുന്ന ഒരു ദൈവം ഉണ്ട് എന്ന് വിശ്വസിക്കൂ. അപ്പോൾ നമ്മുടെ ഈ ജീവിതം ജീവിച്ചുതന്നെ തീർക്കുവാൻ നമുക്ക് കഴിയും. നിരാശയിലുള്ള ജീവിതം മരിച്ചു മരിച്ചുള്ള ജീവിതമാണ്. ഇതു കൂടാതെ അവനവന് ലഭിച്ചിരിക്കുന്ന ധനവും സമ്പാദ്യവും ഒക്കെ ഏറ്റവും നല്ല രീതിയിൽ ചെലവഴിക്കാനും ശ്രമിക്കണം. ഒന്നും ചെലവാക്കാതെ സ്വരുക്കൂട്ടുന്നവരും എല്ലാം ധൂർത്തടിച്ച് ജീവിക്കുന്നവരും അർത്ഥപൂർണ്ണമായി ജീവിക്കുന്നവരല്ല. പലരും ജീവിതത്തിലനുഭവിക്കുന്ന നിരാശയും നിസ്സഹായതാബോധവും സ്വയം കൃതാനർത്ഥത്തിന്റെ ബാക്കിപത്രമാണ്. മരിച്ചു ജീവിക്കാതെ ജീവിച്ചു മരിക്കാൻ ശ്രമിക്കൂ.

എനിക്കാരുമില്ല എന്നുപറഞ്ഞ് കരയുന്നവന് അഭയവും ആശയുമായി യേശു കുളക്കരയിൽ നില്ക്കുന്നു. ആ യേശുവിൽ ആശ്വാസം കണ്ടെത്തുവാൻ ഇടയാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ■

# ദൈവസന്നിധിയിൽ ഹൃദയം പകരുക

ഫാ. റ്റി. ജെ. ജോഷ്വ

പ്രാർത്ഥന യഥാർത്ഥത്തിൽ ദൈവസന്നിധിയിൽ നമ്മുടെ ഹൃദയം പകരുന്ന അനുഭവമാണ്. നിരാശയിൽ നീറിപ്പുകഞ്ഞ ഒരു ഗ്രാമീണവനിത ദേവാലയത്തിൽ എത്തി ശബ്ദമുണ്ടാക്കാതെ പ്രാർത്ഥിച്ചപ്പോൾ അതുവഴി കടന്നുപോയ പുരോഹിതൻ ചിന്തിച്ചത് അവൾ വീഞ്ഞിന്റെ ലഹരിയിൽ എന്തോ മന്ദമായി ഉച്ചരിക്കുകയാണെന്നായിരുന്നു. അവൾ പുരോഹിതന്റെ സംശയം തീർത്തുകൊണ്ടുപറഞ്ഞു. ഗുരോ വളരെയേറെ മനോവേദന അനുഭവിക്കുന്നവളാണ് ഞാൻ. വീഞ്ഞോ, ലഹരിപാനീയമോ ഞാൻ കഴിച്ചിട്ടില്ല. സർവ്വേശ്വരന്റെ മുമ്പിൽ എന്റെ ഹൃദയവികാരങ്ങൾ ഞാൻ പകരുകയായിരുന്നു.

പ്രാർത്ഥനയുടെ തനിമ വ്യക്തമാക്കുന്ന വാക്കുകളാക്കി അവ ലിസ്യുവിലെ ചെറുപുഷ്പം എന്നറിയപ്പെട്ട ഭക്തയായി ഒരു വനിത ഇപ്രകാരം പ്രസ്താവിച്ചു. വാക്കുകൾ കൂട്ടിച്ചൊല്ലാൻ കഴിയാത്ത പിഞ്ചുപൈതങ്ങൾ തന്റെ അപ്പച്ചനോടു സംസാരിക്കുന്നതുപോലെ ഞാൻ ദൈവത്തോടു സംഭാഷണം ചെയ്യും. ജീവിതത്തിലുടനീളം അവൾ അങ്ങനെ അനുവർത്തിക്കുകയും ചെയ്തു.

പ്രാർത്ഥനയെപ്പറ്റി പല തെറ്റായ ധാരണകളും പുലർത്തുന്നതായി തോന്നുന്നു. എത്രയും ഉച്ചത്തിൽ ജലപ്രവാഹത്തിന്റെ ഇരമ്പിപ്പാച്ചിൽപോലെ ശ്വാസംവിടാതെ നടത്തുന്ന ഒരു പ്രക്രിയ എന്ന് ചിലർ ധരിച്ചുവച്ചിരിക്കുന്നു. മറ്റുചിലർ ചില ഫോർമുലകൾ അനുപേക്ഷണീയമായി കരുതി ചില ചട്ടക്കൂട്ടിൽ ഒതുങ്ങുന്നു. ബാഹ്യമായ കർമ്മങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും പ്രാധാന്യം നൽകി അവ നിർവിഘ്നം നിർവ്വഹിക്കുന്നതിൽ ചിലർ ശ്രദ്ധിക്കുന്നു. പ്രാർത്ഥനയുടെ ഉള്ളടക്കം എന്നാൽ ദൈവത്തോടു പരാതികൾ ഉണർത്തിക്കുന്നതും ആവലാതികൾ അറിയിക്കുന്നതും ആവശ്യങ്ങളുടെ പട്ടിക നിരത്തുന്നതുമാണ് എന്നു ധരിച്ചിട്ടുള്ളവരാണ് അധികവും. നമ്മുടെ ഇല്ലായ്മയും വല്ലായ്മയും പരിഹരിക്കാൻ മറ്റുമാർഗ്ഗം കാണാത്തപ്പോൾ ദൈവത്തോടുപറയുന്നതു മാത്രമാണോ പ്രാർത്ഥന. നമ്മുടെ ഹൃദയത്തെ ദൈവത്തിന്റെ പക്കൽ ഉയർത്തുന്നതാണ് പ്രാർത്ഥന.

സൗഹൃദ സംഭാഷണം പോലെ ഹൃദ്യമായിരിക്കണം പ്രാർത്ഥന. സുഹൃത്തുക്കളുമായി സംസാരിക്കുമ്പോൾ ആദ്യന്തം പരാതികൾ പറയാൻ നാം തുനിയാറില്ലല്ലോ. ക്ഷേമാന്വേഷണങ്ങൾ നടത്തും, നന്മയിലും നേട്ടങ്ങളിലും സന്തോഷം പ്രകടിപ്പിക്കും. എന്തെങ്കിലും കാര്യം സാധിക്കണമെങ്കിൽ ഉചിതമായ വാക്കുകളിൽ സുഹൃത്തിനോടു ഉണർത്തിക്കും. എന്നാൽ ഈ അവസാനം പറഞ്ഞ കാര്യമാണ് നമ്മുടെ പ്രാർത്ഥനകളിൽ അധികവും നടക്കുന്നത്. അത് യഥാർത്ഥ പ്രാർത്ഥനയല്ല. സ്വാർത്ഥപൂരണമാണ്. പ്രസിദ്ധസാഹിത്യകാരനായ ജി.കെ. ചെസ്റ്റേർട്ടൺ പറഞ്ഞിട്ടുള്ള ഒരു കഥയിങ്ങനെ: ഒരു ദേവാലയത്തിൽ ഒരാൾ ദിവസവും പ്രാർത്ഥിച്ചുകൊണ്ടിരുന്നു. രണ്ടു വള്ളിച്ചെരുപ്പുകൾ മാത്രമുള്ള അയാൾക്ക് രണ്ടു ഷൂസ് വേണം. അതു കിട്ടണമെന്നുമാത്രമേ പ്രാർത്ഥനയുള്ളൂ. വളരെ ദിവസങ്ങളുടെ പ്രാർത്ഥനയ്ക്കു ശേഷവും അയാളുടെ ആവശ്യം സാധിച്ചുകിട്ടിയില്ല. തന്മൂലം നിരാശനായി ദൈവത്തെ ശപിച്ചുകൊണ്ട് ഒരുദിവസം ദേവലയത്തിനു വെളിയിലേക്കിറങ്ങി. അപ്പോഴതാ, ഒരു മനുഷ്യൻ വടിയിൽ താങ്ങി ദേവലയത്തിൽ പ്രവേശിക്കുന്നു. അയാളും പ്രാർത്ഥിക്കുകയാണ്. നിരാശബാധിച്ചു പുറത്തിറങ്ങിയ മനുഷ്യൻ മറ്റെയാളുടെ പ്രാർത്ഥന ശ്രദ്ധിച്ചു. ദൈവമേ അങ്ങയ്ക്കു ഞാൻ നന്ദിപറയുന്നു. കാറപകടത്തിൽ എന്റെ രണ്ടുകാലുകളും നഷ്ടപ്പെടുവാൻ ഇടയാകുമായിരുന്നു. എന്നാൽ അവിടത്തെ കാരുണ്യം കൊണ്ട് എന്റെ ഒരു കാലിനു കുഴപ്പമൊന്നും സംഭവിച്ചില്ല. വടിയും കുത്തി വന്നിട്ടെങ്കിലും അവിടുത്തെ സന്നിധിയിൽ കൃതജ്ഞത അർപ്പിക്കാൻ ഇടയായതിനാൽ ഞാൻ സന്തോഷിക്കുന്നു.

ഈ പ്രാർത്ഥന കേട്ട ആദ്യത്തെയാൾ സ്വന്തം തെറ്റിനെക്കുറിച്ച് പശ്ചാത്തപിച്ച് ദൈവത്തോടു കാരുണ്യമപേക്ഷിച്ചുകൊണ്ട് കടന്നുപോയി. പ്രാർത്ഥനയിലുള്ള നമ്മുടെ പരിമിതിയെക്കുറിച്ചും പരാജയങ്ങളെക്കുറിച്ചും നന്നായി മനസ്സിലാക്കിയ പ്രാർത്ഥനാവല്ലഭനായിരുന്നു പൗലോസ് ശ്ലീഹാ. അദ്ദേഹം എഴുതി. നമ്മുടെ ബലഹീനതയിൽ ആത്മാവു നമ്മെ സഹായിക്കുന്നു. വേണ്ടവിധം പ്രാർത്ഥിക്കേണ്ടത് എങ്ങനെയെന്ന് നമുക്കറിഞ്ഞുകൂടാ. എന്നാൽ അവാച്യമായ നെടുവീർപ്പുകളാൽ ആത്മാവുതന്നെ നമുക്കു മാദ്ധ്യസ്ഥംവഹിക്കുന്നു.

കരുണാമയനും മഹത്വവാനുമായ സർവ്വേശ്വരന്റെ മുമ്പിൽ നാം എത്തുമ്പോൾ അവിടുത്തെ മഹത്വത്തെയും പ്രഭാവത്തെയും വാത്സല്യാതിരേകത്തേയും ഓർത്തു പ്രകീർത്തിക്കുവാനാണ് പ്രേരണയുണ്ടാകേണ്ടത്. തന്റെ ദാരിദ്ര്യവും കഷ്ടസ്ഥിതിയും ശ്രീകൃഷ്ണനെ അറിയിക്കുവാൻ എത്തിയ കുചേലൻ അക്കാര്യമെല്ലാം മറന്ന് ഭഗവൽസാന്നിദ്ധ്യത്തിൽ സന്തോഷ നിർവൃതിയിലെത്തി. അതാണ് അനഭവജന്യമാകേണ്ടത്. സ്തുതിയും സ്തോത്രവും അവതരിപ്പിക്കുന്നതിനോടൊപ്പം നമ്മുടെ ആവശ്യങ്ങളെയും അറിയിക്കാം. ഒന്നിനെക്കുറിച്ചും ആകുലപ്പെടരുത്. സ്തോത്രങ്ങളോടെ നിങ്ങളുടെ യാചനകൾ ദൈവസന്നിധിയിൽ അർപ്പിക്കുവിൻ. ■

# പുറപ്പാടു പുസ്തകത്തിലെ പിറുപിറുപ്പുകൾ

പി.റ്റി. ജോൺ

യഹോവയുടെ മഹത്വവും, ശക്തിയും, താൻ ചെയ്ത അത്ഭുതങ്ങളും നേരിട്ടുകണ്ട് അവൻ കഴിവുള്ളവനും, കരുണാർദ്രനുമെന്ന് രുചിച്ചറിഞ്ഞ യിസ്രായേൽ ജനം, പ്രയാസങ്ങളും ബുദ്ധിമുട്ടുകളും അഭിമുഖീകരിക്കേണ്ടിവരുമ്പോൾ, അതുവരെ അനുഭവിച്ച ദൈവകൃപകളെ മറന്ന് യഹോവയെ തള്ളിപ്പറയുകയും, അവനെതിരെ പിറുപിറുക്കുകയും ചെയ്യുന്നത് പുറപ്പാടു പുസ്തകത്തിൽ പലയിടങ്ങളിൽ കാണുന്നുണ്ട്.

ബാധകൾകൊണ്ടും അവസാനമായി കടിഞ്ഞൂൽ സംഹരണംകൊണ്ടും ഫറവോനെ പേടിപ്പിച്ച് യഹോവ തന്റെ ജനത്തെ സ്വതന്ത്രരാക്കി. അനന്തരം അവർക്കു വാഗ്ദത്തം ചെയ്ത കനാൻ ദേശത്തേക്ക് യഹോവ അവരെ കൊണ്ടുപോയത് വേഗത്തിൽ ഫെലിസ്ത്യദേശത്തിൽ കൂടി ആയിരുന്നില്ല. ഫെലിസ്ത്യരുമായി യുദ്ധമുണ്ടായാൽ യിസ്രായേൽ ജനം മിസ്രയിമിലേക്കു തിരിച്ചു പോകുമെന്ന് അറിയാമായിരുന്നതുകൊണ്ടാണ് വളഞ്ഞവഴിയായി മണലാരണ്യത്തിൽ കൂടി അവരെ നയിച്ചത്. കൂടാതെ അവരെ മെരുക്കിയെടുക്കുവാൻ നാൽപതു വർഷങ്ങളിലെ മരുഭൂമിയിൽ കൂടിയുള്ള യാത്ര ആവശ്യമെന്ന് യഹോവയ്ക്ക് തോന്നി.

ഫറവോൻ വിട്ടയച്ച ഇസ്രായേല്യർ ചെങ്കടലിന്റെ തീരത്തെത്തിയപ്പോൾ, മിസ്രയിമിന്റെ സൈന്യം അവരെ പിൻതുടരുന്നതുകണ്ടു ഭയന്ന ജനം, സർവ്വശക്തനായ യഹോവ അവരെ രക്ഷിക്കുമെന്ന പ്രത്യാശയും വിശ്വാസവുമില്ലാതെ, മിസ്രയിമിൽ ശവങ്ങൾ കുഴിച്ചിടുവാൻ ഇടമില്ലാത്തതിനാലാണോ അവരെ ഈ മണലാരണ്യത്തിൽ കൊണ്ടുവന്നതെന്നു പിറുപിറുത്തു. എന്നാൽ യഹോവ ചെങ്കടൽ ഭാഗിച്ച് ഉണങ്ങിയ നിലത്തു കൂടി തന്റെ ജനത്തെ നടത്തി മറുകരയിൽ എത്തിച്ച്, പിന്തുടർന്ന മിസ്രയിമ്യരെയും, അവരുടെ രഥങ്ങളെയും, കുതിരകളെയും വെള്ളത്തിൽ മുക്കി ഉന്മൂലനം ചെയ്തു.

അവിടെനിന്നും ശൂർ എന്ന മണലാരണ്യത്തിൽ കൂടി മൂന്നു ദിവസം സഞ്ചരിച്ചപ്പോൾ കുടിക്കുവാൻ വെള്ളമില്ലാതെ അവർ വലഞ്ഞു. മാറാ എന്ന സ്ഥലത്തു വന്നപ്പോൾ അവിടുത്തെ വെള്ളം കയ്പുള്ളതായിരുന്നതിനാൽ അത് കുടിക്കുവാൻ കൊള്ളരുതാത്തതായിരുന്നു. തന്മൂലം അവർ മോശയ്ക്കെതിരെ പിറുപിറുത്തു. ദൈവം കാണിച്ചുകൊടുത്ത മരം പിഴുത് മോശ വെള്ളത്തിലിട്ടപ്പോൾ അതു മധുരമുള്ളതായിത്തീർന്നു.

(ശേഷം 4-ാം പേജിൽ)



ഭവനരഹിതർക്കായി ഒ.സി.എഫ്. നിർമ്മിച്ച 13-ാമത്തെ വീടിന്റെ കൂദാശയും താക്കോൽദാനവും നവംബർ 9 ന് വെ. റവ. പി. ഐ. ജോൺ കോർ എപിസ്കോപ്പ നിർവ്വഹിച്ചപ്പോൾ. (അയ്യമ്പിള്ളി സെ. ജോൺസ് ഓർത്തഡോക്സ് പള്ളി അംഗം പൈനാടത്ത് അന്നമ്മ ഏലിയാസിന്റെ കുടുംബത്തിനായി നിർമ്മിച്ച വീട് ഇൻസെറ്റിൽ)

# കുടുംബ വിശേഷങ്ങൾ

*(3-ാം പേജിൽ നിന്നും തുടർച്ച..)*

യാത്ര തുടർന്ന ജനം സീനായിക്കും ഏലിമിനുമിടയ്ക്കുള്ള സീൻ മരുഭൂമിയിൽ എത്തിച്ചേർന്നപ്പോൾ അവർക്കു വിശന്നു. മിസ്രയിമിൽ വെച്ച് അപ്പവും മാംസവും തിന്നുകൊണ്ടിരുന്നത് ഓർത്തിട്ട്, തങ്ങളെ വിശപ്പുകൊണ്ട് ഈ മരുഭൂമിയിൽ വെച്ച് കൊല്ലുന്നതിനു പകരം, അവരെ മിസ്രയിമിൽവെച്ചുതന്നെ ദൈവത്തിനു കൊല്ലാമായിരുന്നു എന്നു പറഞ്ഞ് പിറുപിറുത്തു. ദൈവം അവർക്ക് മന്നാ സ്വർഗ്ഗത്തിൽ നിന്നു പൊഴിച്ചു കൊടുത്തു. പിന്നെ മാംസത്തിനായി കാടപ്പക്ഷികളെയും കൊടുത്തു. അവർ വാഗ്ദത്ത നാടായ കനാൻ ദേശത്തിന്റെ അതിർത്തിയിൽ എത്തുംവരെ വർഷങ്ങളോളം മന്നായും, കാടഇറച്ചിയും ഭക്ഷിച്ചു.

യിസ്രയേൽ മക്കളുടെ സംഘങ്ങൾ സീൻ മരുഭൂമിയിൽ നിന്നു പുറപ്പെട്ട് രെഫീദീവിൽ എത്തി. അവിടെയും ജനത്തിന് കുടിപ്പാൻ വെള്ളമില്ലായിരുന്നു. ഞങ്ങൾക്കു കുടിപ്പാൻ വെള്ളം തരിക എന്നു പഞ്ഞു കലഹിച്ച് മോശയുടെ നേരെ പിറുപിറുത്തു.

മോശ യഹോവയുടെ നിർദ്ദേശപ്രകാരം തന്റെ വടികൊണ്ട് ഹോരേബിലെ പാറയെ അടിച്ചു. യഹോവ പാറയുടെ മുകളിൽ നിന്നിരുന്നു. ജനത്തിനു കുടിക്കുവാനുള്ള വെള്ളം പാറയിൽ നിന്നു പുറപ്പെട്ടു.

ന്യായപ്രമാണവും, പത്തുകൽപ്പനകൾ എഴുതിയ കല്പലകകളും സ്വീകരിക്കുവാൻ യഹോവയുടെ നിർദ്ദേശപ്രകാരം, മോശ യഹോവയുടെ പർവ്വതത്തിലേക്കു കയറിപ്പോയി. നാല്പതു പകലും, നാല്പതു രാവും മോശ പർവ്വതത്തിലായിരുന്നു. മോശ വരുവാൻ താമസിച്ചപ്പോൾ ജനം അക്ഷമരായി അഹരോന്റെ ചുറ്റും കൂടി. തങ്ങളെ മിസ്രയിമിൽ നിന്നു കൊണ്ടുവന്ന മോശയ്ക്കു എന്തു സംഭവിച്ചു എന്ന് അറിവില്ലാത്തതിനാൽ, ഞങ്ങളുടെ മുമ്പിൽ നടപ്പാൻ ദൈവങ്ങളെ ഉണ്ടാക്കിത്തരിക എന്നുപറഞ്ഞ് അഹരോനെ ശല്യപ്പെടുത്തി. അഹരോൻ അവർക്ക് സ്വർണ്ണം തീയിലിട്ട് കാളക്കുട്ടിയെ ഉണ്ടാക്കിക്കൊടുത്തു. ജനം അതിനെ വന്ദിച്ചു.

ഫറവോന്റെ അടിമത്വത്തിൽ നിന്നു രക്ഷിച്ച്, പകൽ മേഘസ്തംഭവും, രാത്രിയിൽ അഗ്നിത്തൂണും കൊണ്ട് മരുഭൂമിയിൽക്കൂടി വഴിനടത്തി, പാറയെ പിളർന്നു വെള്ളവും, തിന്നുവാൻ സ്വർഗ്ഗീയ മന്നയും കൊടുത്ത തന്റെ ജനം യഹോവയ്ക്കെതിരെ പിറുപിറുക്കുകയും, തള്ളിപ്പറയുകയും, കാളക്കുട്ടിക്കു സമനാക്കുകയും ചെയ്തു.

ഇസ്രയേൽ മക്കളെപ്പോലെ, നമ്മുടെ ദൈനംദിന ജീവിതത്തിൽ നാമും നമ്മുടെ ആവശ്യങ്ങൾക്കായി മാത്രം ദൈവത്തോടു പ്രാർത്ഥിക്കുകയും, പ്രാർത്ഥനകൾ ഫലവത്താകാതെ വരുമ്പോൾ, അവൻ തന്നിട്ടുള്ള കൃപകളെ ഓർക്കാതെ, അവനിൽ വിശ്വാസം അർപ്പിക്കാതെ പിറുപിറുക്കുന്നുണ്ട്. മക്കൾക്ക് എന്താണു നല്ലതെന്ന് ഒരു പിതാവ് അറിയുന്നു. ■

## വിശേഷദിവസങ്ങൾ

**ഡിസംബർ**

14 ഞായർ : യൗസേഫിനുണ്ടായ വെളിപാടിന്റെ ഞായറാഴ്ച

21 ഞായർ : ജനനപെരുന്നാളിനു മുമ്പുള്ള ഞായറാഴ്ച. മാർ തോമാശ്ലീഹയുടെ രക്തസാക്ഷിമരണത്തിന്റെ ഓർമ്മ

25 വ്യാഴം : ജനന പെരുന്നാൾ

26 വെള്ളി : ദൈവമാതാവിന്റെ പുകഴ്ചപ്പെരുന്നാൾ. യാക്കോബ് മാർ പോളികർപ്പോസ് തിരുമേനിയുടെ ഓർമ്മ. (സീയോൻ സെമിനാരി, കൊരട്ടി)

27 ശനി : ശിശുവധപ്പെരുന്നാൾ

**ജനുവരി**

1 വ്യാഴം : പുതുവത്സരം. കർത്താവിന്റെ ചേലാകർമ്മം

3 ശനി : മോറാൻ മാർ ബസ്സേലിയോസ് - ഗീവർഗ്ഗീസ് ദ്വിതീയൻ ബാവായുടെ ഓർമ്മ (ദേവലോകം)

MUTHOOT PAPPACHAN GROUP
Since 1939



*എല്ലാമാസവും നമ്മുടെ പള്ളിയിൽ നിന്ന് ജനറൽ ആശുപത്രി കാൻസർ വാർഡിലേക്കു നൽകുന്ന മരുന്നുകളുടെ ഒക്ടോബർ മാസത്തെ വിതരണം, **ശ്രീ. സി.ജെ. യേശുദാസ്** (കാർട്ടൂണിസ്റ്റ്) നിർവ്വഹിച്ചപ്പോൾ*

## അനുമോദനം



കത്തീഡ്രൽ സണ്ടേസ്കൂൾ വിദ്യാർത്ഥി കുമാരി **എൽബാ ഹെലൻ ജോർജ്ജ്** 2007ലെ 12-ാം ക്ലാസ് പബ്ളിക് പരീക്ഷയിൽ നല്ല വിജയം കൈവരിക്കുകയും, കൊച്ചി ഭദ്രാസനത്തിൽവെച്ച് ഏറ്റവും കൂടിയ മാർക്കോടെ ഭദ്രാസനത്തിന്റേതായ പ്രത്യേക സമ്മാനം കരസ്ഥമക്കുകയും ചെയ്തു.



കുന്നംകുളം ചെറുവത്തൂർ റോമിയോയുടെയും അഡ്വക്കേറ്റ് ബിന്ദുവിന്റെയും മകൻ **മിഥുൻ റോമിയോ**യ്ക്ക് (ദീപം സൺഡേ സ്കൂൾ) നോർത്ത് സോൺ ജൂനിയർ വേദവാക്യമത്സരത്തിൽ ഒന്നാസ്ഥാനം ലഭിച്ചു.

*ഇടവകയുടെ അനുമോദനങ്ങൾ അറിയിക്കുന്നു.*

## മാമോദീസ

പാലാരിവട്ടം തെക്കേക്കര ശ്രീ ജോൺ തോമസിന്റെയും ശ്രീമതി ഇന്ദുഗീവർഗീസിന്റെയും മകൻ **തോമസിന്റെ** മാമോദീസ 30-11-2008 ൽ കത്തീഡ്രലിൽ നടന്നു.

*ഈ പൈതൽ ദൈവകൃപയിൽ വളരട്ടെ!*

## വിവാഹം

1. പൊന്നുരുന്ന വരയന്നൂർ ശ്രീ. ജോർജ്ജിന്റെയും ശ്രീമതി കുഞ്ഞമ്മയുടെയും മകൻ **തോമസും (രേണു)** ആരക്കുന്നം പുല്ലമ്പാൽ ശ്രീ രാജുവിന്റെയും ശ്രീമതി മിനിയുടെയും മകൾ **അന്നവും (സുനിത)** തമ്മിലുള്ള വിവാഹം 23-11-2008ൽ കത്തീഡ്രലിൽ നടന്നു.

2. കലൂർ കുന്നേൽ പരേതനായ ശ്രീ കെ.വി. ബേബിയുടെയും ശ്രീമതി കുഞ്ഞുമോളുടെയും മകൻ **കുഞ്ഞുമോനും**, ആലപ്പുഴ പള്ളിത്തോട് നമ്പിയാട്ടുശ്ശേരിയിൽ പരേതനായ ശ്രീ. എൻ. വി. തോമസിന്റെയും ശ്രീമതി മറിയാമ്മ തോമസിന്റെയും മകൾ **റാണിയും** തമ്മിലുള്ള വിവാഹം 23-11-2008 ൽ കത്തീഡ്രലിൽ നടന്നു.

3. കലൂർ പുത്തൻവീട്ടിൽ ശ്രീ. പി.ജി. കോശിയുടെയും ശ്രീമതി ഉഷാ കോശിയുടെയും മകൻ **ജോർജ്ജു കോശിയും**, കീഴില്ലം പുളിനാത്ത് വീട്ടിൽ ശ്രീ. സണ്ണി പോളിന്റെയും ലീലാമ്മയുടെയും മകൾ **ലിയാ പോളും** പൊന്നുരുന്നി സെന്റ് ഇഗ്നേഷ്യസ് പള്ളിയിൽ 30-11-2008 ൽ വിവാഹിതരായി.

*വധൂവരന്മാർക്ക് മംഗളാശംസകൾ!*

## നിര്യാതരായി

1) കലൂർ പെരണ്ടൂർ റോഡിൽ ചീരൻ ഹൗസിൽ **തമ്പി** (79) 5-11-2008 ൽ നിര്യാതനായി. സംസ്കാരം കത്തീഡ്രലിന്റെ എളംകുളം സെമിത്തേരിയിൽ നടത്തി.

2. കലൂർ പോണോത്ത് റോഡ് ചീരൻ ഹൗസിൽ സി.സി. സക്കറിയായുടെ ഭാര്യ **മേരി** (56) 23-11-2008 ൽ നിര്യാതയായി. സംസ്കാരം സെ. മേരീസ് കത്തീഡ്രലിന്റെ ചിറ്റൂർ റോഡ് സെമിത്തേരിയിൽ നടത്തി.

*കുടുംബാംഗങ്ങളോടുള്ള അനുശോചനം രേഖപ്പെടുത്തുന്നു.*

Editorial Board: P.T. John(98951 43625), K.K. George (94470 40484),
Mammen Abraham (94473 68886) & Suma Mathew (98460 25711) Design: Cornet, Cochin

**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490, 2365827**
***Website: www.stmarysorthodoxcathedralekm.org Email: georgekaithayil@yahoo.com***

***For Private Circulation only***